## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 8** 28.11.2018 -ൽ മറുപടിക്ക്.

## റേഷൻ സംവിധാനം കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.സി.എഫ്.തോമസ്**<br>**,, റോഷി അഗസ്റ്റിൻ**<br>**,, പി.ജെ.ജോസഫ്**<br>**ഡോ.എൻ. ജയരാജ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകളുടെ പ്രവർത്തനം ചുരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് എപ്രകാരമാണ്; വ്യക്തമാക്കുമോ; | (എ) ഇല്ല. |
| (ബി) ഇ-പോസ് യന്ത്രം തകരാറിലായതുമൂലം താറുമാറായിരിക്കുന്ന റേഷൻ വിതരണം പുന:സ്ഥാപിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;<br>(സി) റേഷൻ സംവിധാനം കുറ്റമറ്റതാക്കാനും സെർവ്വറിന്റെ ശേഷിക്കുറവ് പരിഹരിക്കാനും അടിയന്തര നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും സംസ്ഥാന ഐ.ടി മിഷന്റെ ക്ലൗഡ് സെർവറുകളുടെ സേവനം പ്രയോജനപ്പെടുത്തി വന്നിരുന്ന സമയത്ത് ഒന്നു രണ്ടു ദിവസം ഏതാനും മണിക്കൂറുകൾ കണക്ടിവിറ്റി തകരാറുകൾ സംഭവിക്കുകയും ആയത് കണ്ടെത്തി പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. 2018 നവംബർ മാസം മുതൽ വകുപ്പ് സ്വന്തമായി വാങ്ങിയ കൂടുതൽ പ്രവർത്തന ശേഷിയുള്ള സെർവറുകളിലേക്ക് ഡാറ്റയും ആപ്ലിക്കേഷനുകളും മാറ്റിയിട്ടുണ്ട്. കൂടാതെ ഓരോ ഇ-പോസ് മെഷീനിലും രണ്ടു സിം ഉപയോഗിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. നിലവിൽ ഇ-പോസ് വഴിയുള്ള റേഷൻവിതരണം വളരെ സുഗമമായാണ് നടക്കുന്നത് |

*സെക്ഷൻ ഓഫീസർ*